## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4238.** **25.06.2018 ൽ മറുപടിയ്ക്ക്**

## ഇതര സംസ്ഥാനത്തൊഴിലാളികൾക്കിടയിലെ മയക്കമരുന്ന് ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.സ്വരാജ് | | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഇതര സംസ്ഥാന ത്തൊഴിലാളികൾക്കിടയിൽ മയക്കമരുന്നിന്റെയും ലഹരിയുടെയും ഉപയോഗം ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതര സംസ്ഥാനത്തൊഴിലാളികൾ ക്കിടയിൽ മയക്കമരുന്നിന്റെയും ലഹരിയുടെയും ഉപയോഗം ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് ഇതര സംസ്ഥാനത്തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ രഹസ്യ നിരീക്ഷണവും, 'ഓപ്പറേഷൻ ഭായി' എന്ന പേരിൽ പ്രത്യേക പരിശോധനകൾ നടത്തിവരുകയും ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ കഞ്ചാവ് അടക്കമുള്ള മയക്ക്മരുന്നുകളും മറ്റ് ലഹരി വസ്തുക്കളും കണ്ടുപിടിച്ച് കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതര സംസ്ഥാനത്തൊഴിലാളികൾ സംസ്ഥാനത്തേക്ക് മയക്കമരുന്ന് കടത്തികൊണ്ടുവരുന്നത് കണ്ടു പിടിക്കുന്നതിന് ട്രെയിനുകളിൽ ആർ.പി.എഫ്, റെയിൽവേ പോലീസ് എന്നിവരുമായിചേർന്ന് പരിശോധനകളും ബോധവത്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. |
| (സി) | ഇവരിൽ ക്രിമിനൽ സ്വഭാവമുള്ളവരെ തിരിച്ചറിയുന്നതിനും ഒഴിവാക്കുന്ന | (സി) | ഇത്തരത്തിലുള്ള കുറ്റവാളികളുടെ വിശദാംശങ്ങൾ പ്രാദേശിക പോലീസ് സ്റ്റേഷനുകൾക്ക് |

| | | | |
|---|---|---|---|
| | തിനും എന്തെല്ലാം നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ; | | കൈമാറാറുണ്ട്. |
| (ഡി) | ഇതിലേക്കായി കൂടുതൽ നടപടികൾ പരിഗണനയിലുണ്ടോ;എങ്കിൽ വിശദാംശം അറിയിക്കുമോ? | (ഡി) | സംസ്ഥാനത്ത് ഇതര സംസ്ഥാനത്തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ രഹസ്യ നിരീക്ഷണവും, പ്രത്യേക പരിശോധനകളും നടത്തിവരുന്നത് കൂടാതെ ഇതര സംസ്ഥാന ത്തൊഴിലാളികൾ വരുന്ന ട്രെയിനുകൾ ആർ.പി.എഫ്, പോലീസ് എന്നിവരുടെ സഹായത്തോടെ സംയുക്ത പരിശോധനകൾ നടത്തി നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും, ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും ഇതര സംസ്ഥാനത്തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വരുന്നുണ്ട്. മേജർ കേസ്സുകളിൽ ഉൾപ്പെടുന്നവരുടെ വിശദാംശങ്ങൾ ഇതരസംസ്ഥാനങ്ങൾക്ക് കൈമാറുന്നതിന് എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ ആലോചിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**